# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1808
# 16.02.2016-ലെ മറുപടിക്ക്
# ഗസറ്റഡ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ബഹുമാനപ്പെട്ട മുഖ്യമന്ത്രി<br>ശ്രീ. ഉമ്മൻചാണ്ടി |
| (എ) | ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളം ഇനി മുതൽ ഒന്നിച്ച് മാറിയെടുക്കണമെന്നന്ന ധനവകുപ്പിന്റെ ഉത്തരവ് മൂലം ട്രഷറി വകുപ്പ് അടച്ചു പൂട്ടുന്ന സ്ഥിതിയിലേയ്ക്കും മാറുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. | സംസ്ഥാനത്ത് സംയോജിത ധനകാര്യ മാനേജ്മെന്റ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള വിവിധ പരിഷ്ക്കാ രങ്ങളിലൊന്നാണ് 'ഒരു ഓഫീസ് ഒരു ഡി.ഡി.ഒ സംവിധാനം'. 7.9.2015 ലെ സ.ഉ. (സാധാ) നം.391/2015/ധന ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം one office one DDO സിസ്റ്റം വഴിയാക്കുകയുണ്ടായി. ഇതുവഴി ഗസറ്റഡ് ഉദ്യോഗസ്ഥർ സ്വന്തമായി ബില്ലെഴുതി ശമ്പളം മാറുന്ന സമ്പ്രദായം നിർത്തലാക്കുകയും പ്രസ്തുത ചുമതല ബന്ധപ്പെട്ട ഓഫീസിലെ ഡി.ഡി.ഒ യിൽ നിക്ഷിപ്തമാകുകയും ചെയ്തു. 17.11.15 ലെ സർക്കുലർ നം. 87/2015/ധനയിൽ ഇതു സംബന്ധിച്ചുള്ള വിശദീകരണവും നൽകിയിരുന്നു.<br>ഗസറ്റഡ് ഓഫീസർമാർ സ്വന്തമായി ശമ്പളബില്ലുകൾ എഴുതി മാറിയിരുന്ന രീതിയിൽ മാറ്റം വരുത്തി പ്രസ്തുത ചുമതല ഡി.ഡി.ഒ മാർക്ക് നൽകുക മാത്രമാണ് പുതിയ സംവിധാനത്തിലുള്ളത്. നേരത്തെ നിലവിലുള്ളതു പോലെ തുടർന്നും ഗസറ്റഡ് ഓഫീസർമാർക്ക് ശമ്പളം ട്രഷറി സേവിംഗ്സ്ബാങ്ക് അക്കൗണ്ട്സ് വഴിയോ ബാങ്ക് അക്കൗണ്ട് വഴിയോ സ്വീകരി |
| (ബി) | ഭൂരിപക്ഷ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരും ശമ്പളം മുഴുവനായി പിൻവലിക്കാത്ത് കാരണം ബാക്കി തുക നിക്ഷേപമായി സർക്കാരിന് ഉപയോഗിക്കത്തക്ക രീതിയിൽ കിടക്കുമായിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ' ഇക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ. എങ്കിൽ വിശദവിവരം നൽകുമോ; | |
| (സി) | ഇക്കാര്യത്തിൽ മുമ്പ് ഉണ്ടായിരുന്ന സംവിധാനം നിലനിർത്തി ട്രഷറി സേവിംഗ്സ് ബാങ്ക് സംവിധാനം ശക്തിപ്പെടുത്തി സംസ്ഥാന ഖജനാവിന് കൂടുതൽ ശക്തി പകരുന്ന കാര്യം പരിഗണിക്കുമോ? | |

| | | |
|---|---|---|
| | | ക്കാവുന്നതാണ്. ഇക്കാര്യത്തിൽ യാതൊരുവിധ മാറ്റവും പുതിയ സംവിധാനത്തിൽ വരുത്തിയിട്ടില്ല. ആയതിനാൽ പുതിയ ഉത്തരവ് വഴി ട്രഷറി അടച്ചുപൂട്ടുമെന്നും ബാങ്കുകൾ വൻനേട്ടമുണ്ടാക്കുമെന്നുള്ള ആശങ്ക അസ്ഥാനത്താണ്. |

സെക്ഷൻ ഓഫീസർ